കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ഹിന്ദു വിവാഹ ആക്റ്റ്, 1955

**(1955-ലെ 25-ാം ആക്റ്റ്)**

യൂണിയൻ ഗവൺമെന്റിനുവേണ്ടി
കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട് തിരുവനന്തപുരം
ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

വില:

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# ഹിന്ദു വിവാഹ ആക്ററ്, 1955

(1955-ലെ 25-ാം ആക്ററ്)

യൂണിയൻ ഗവൺമെൻറിനു വേണ്ടി
കേരളാ ഗവൺമെൻറ് പ്രസ് സൂപ്രണ്ട് തിരുവനന്തപുരം,
ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1976

# ഹിന്ദു വിവാഹ ആക്റ്റ്, 1955

## വകുപ്പുകളുടെ വിന്യാസം

### പ്രാരംഭികം

വകുപ്പുകൾ

1. ചുരുക്കപ്പേരും, വ്യാപ്തിയും.
2. ആക്റ്റിന്റെ ബാധകത.
3. നിർവ്വചനങ്ങൾ.
4. ആക്റ്റിന്റെ അധിപ്രഭാവം.

### ഹിന്ദു വിവാഹങ്ങൾ

5. ഒരു ഹിന്ദുവിവാഹത്തിന് വേണ്ട ഉപാധികൾ.
6. വിവാഹ-രക്ഷാകർത്തൃത്വം.
7. ഹിന്ദുവിവാഹത്തിനുള്ള അടിയന്തരങ്ങൾ.
8. ഹിന്ദുവിവാഹങ്ങളുടെ രജിസ്ട്രേഷൻ.

### ദാമ്പത്യാവകാശങ്ങളുടെ പുനഃസ്ഥാപനവും ജുഡീഷ്യലായ വേർപെടുത്തലും

9. ദാമ്പത്യാവകാശങ്ങളുടെ പുനഃസ്ഥാപനം.
10. ജുഡീഷ്യലായുള്ള വേർപെടുത്തൽ.

### വിവാഹത്തിന്റെ അകൃതതയും വിവാഹമോചനവും

11. ശൂന്യവിവാഹങ്ങൾ.
12. ശൂന്യമാക്കാവുന്ന വിവാഹങ്ങൾ.
13. വിവാഹമോചനം.
14. വിവാഹമോചനത്തിനുള്ള യാതൊരു ഹർജിയും വിവാഹംകഴിഞ്ഞ് മൂന്നുവർഷത്തിനുള്ളിൽ ബോധിപ്പിക്കാൻ പാടില്ലെന്ന്.
15. വിവാഹമോചനം നേടിയവർക്ക് എപ്പോൾ വീണ്ടും വിവാഹം ചെയ്യാമെന്ന്.
16. ശൂന്യമായതോ ശൂന്യമാക്കാവുന്നതോ ആയ വിവാഹത്തിലെ കുട്ടികൾ നിയമാനുസൃതവേഴ്ചയിൽ ഉണ്ടായതായി കണക്കാക്കപ്പെടുന്നത്.
17. ദ്വിവിവാഹത്തിനുള്ള ശിക്ഷ.
18. ഹിന്ദു വിവാഹത്തിനുള്ള മററു ചില ഉപാധികൾ ലംഘിക്കുന്നതിനുള്ള ശിക്ഷ.

### അധികാരിതയും നടപടിക്രമവും

19. ഹർജി ഏത് കോടതിയിൽ കൊടുക്കണമെന്ന്.
20. ഹർജികളുടെ ഉള്ളടക്കവും സത്യബോധപ്പെടുത്തലും.

21. 1908-ലെ 5-ാം ആക്റ്റ് ബാധകമാകുന്നത്.

22. നടപടികൾ സ്വകാര്യമായിരിക്കാവുന്നതും അച്ചടിക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ ചെയ്യാവുന്നതല്ലാത്തതും ആണെന്ന്.

23. നടപടികളിലെ വിധി.

24. വ്യവഹാരം നിലവിലുള്ള കാലത്തെ സംരക്ഷണവും നടപടി ച്ചെലവും.

25. സ്ഥിരം ജീവനാംശവും സംരക്ഷണവും.

26. കുട്ടികളുടെ കസ്റ്റഡി.

27. വസ്തുവിന്റെ വ്യയനം.

28. വിധികളും ഉത്തരവുകളും പ്രാവർത്തികമാക്കലും അവയിൽനിന്നുള്ള അപ്പീലുകളും.

## ഒഴിവാക്കലും റദ്ദാക്കലും

29. ഒഴിവാക്കൽ.

30. റദ്ദാക്കലുകൾ.

# ഹിന്ദു വിവാഹ ആക്ററ്, 1955
## (1955-ലെ 25)

### ഹിന്ദുക്കളുടെ ഇടയിലുള്ള വിവാഹം സംബന്ധിച്ച നിയമം ഭേദഗതി ചെയ്യുവാനും ക്രോഡീകരിക്കുവാനും ഉള്ള ആക്ററ്

[1955 മേയ്, 18]

ഇൻഡ്യൻ റിപ്പബ്ലിക്കിൻെറ ആറാം സംവൽസരത്തിൽ പാർലമെൻററ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

### പ്രാരംഭികം

1. ചുരുക്കപ്പേരും, വ്യാപ്തിയും.—(1) ഈ ആക്ററിന് ഹിന്ദു വിവാഹ ആക്ററ്, 1955 എന്നു പേർ പറയാവുന്നതാണ്.

(2) ഇത് ജമ്മു-കാശ്മീർ സ്റേററ് ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതും ഈ ആക്ററ് വ്യാപിക്കുന്ന രാജ്യക്ഷേത്രങ്ങളെ അധിവസിക്കുന്നവരും ആ രാജ്യക്ഷേത്രങ്ങൾക്ക് വെളിയിലുള്ളവരും ആയ ഹിന്ദുക്കൾക്കും ബാധകമായിരിക്കുന്നതും ആകുന്നു.

2. ആക്ററിൻെറ ബാധകത.—(1) ഈ ആക്ററ്—

(ക) വീരശൈവനോ, ലിംഗായത്തോ അല്ലെങ്കിൽ ബ്രഹ്മസമാജത്തിൻെറയോ, പ്രാർത്ഥനാ സമാജത്തിൻെറയോ ആര്യസമാജത്തിൻെറയോ അനുയായിയോ ഉൾപ്പെടെ ഹിന്ദുമതത്തിൻെറ ഏതെങ്കിലും രൂപത്തിലോ വികാസരൂപത്തിലോ ഉള്ള മതംകൊണ്ട് ഹിന്ദുവായ ഏതൊരാൾക്കും,

(ഖ) മതംകൊണ്ട് ബുദ്ധമതക്കാരനോ, ജൈനനോ, സിക്കുകാരനോ ആയ ഏതൊരാൾക്കും,

(ഗ) ഈ ആക്ററ് വ്യാപിക്കുന്ന രാജ്യക്ഷേത്രങ്ങളിൽ അധിവാസമുള്ളവനും മതംകൊണ്ട് മുസ്ലിമോ ക്രിസ്ത്യാനിയോ പാർസിയോ ജൂതനോ അല്ലാത്തവനുമായ മറേറതൊരാൾക്കും, അങ്ങനെയുള്ള ആൾ ഈ ആക്ററ് പാസ്സാക്കിയിട്ടില്ലായിരുന്നുവെങ്കിൽ, ഇതിൽ കൈകാര്യം ചെയ്തിട്ടുള്ള ഏതെങ്കിലും വിഷയങ്ങളെ സംബന്ധിച്ച് ഹിന്ദുനിയമത്താലോ ആ നിയമത്തിൻെറ ഭാഗമായ വല്ല ആചാരത്താലോ വഴക്കത്താലോ അനുശാസിതനാകുമായിരുന്നില്ലെന്ന് തെളിയിക്കാത്തപക്ഷവും,

ബാധകമാകുന്നു.

വിശദീകരണം.—താഴെപ്പറയുന്ന ആളുകൾ മതംകൊണ്ട്, അതതു സംഗതിപോലെ, ഹിന്ദുക്കളോ ബുദ്ധമതക്കാരോ ജൈനരോ സിക്കുകാരോ ആകുന്നു:—

(ക) മാതാപിതാക്കൾ രണ്ടുപേരും മതംകൊണ്ട് ഹിന്ദുക്കളോ ബുദ്ധമതക്കാരോ ജൈനരോ സിക്കുകാരോ ആയ, നിയമാനുസൃതമായവേഴ്ചയിൽ ഉണ്ടായതോ, നിയമവിരുദ്ധമായ വേഴ്ചയിലുണ്ടായതോ ആയ ഏതെങ്കിലും കുട്ടി,

3/2618/S.

(ഖ) മാതാപിതാക്കളിൽ ഒരാൾ മതംകൊണ്ട് ഹിന്ദുവോ ബുദ്ധമതക്കാരനോ ജൈനനോ സിക്കുകാരനോ ആയിരിക്കുകയും, അങ്ങനെയുള്ള മാതാവോ പിതാവോ ഏത് ഗോത്രവർഗ്ഗത്തിലോ സമുദായത്തിലോ ഗ്രൂപ്പിലോകുടുംബത്തിലോ പെട്ടതാണോ, അല്ലെങ്കിൽ പെട്ടതായിരുന്നുവോ, അതിലെ ഒരംഗമായി വളർത്തപ്പെടുകയും ചെയ്ത നിയമാനുസൃതമായ വേഴ്ചയിലുണ്ടായതോ നിയമവിരുദ്ധമായ വേഴ്ചയിലുണ്ടായതോ ആയ ഏതെങ്കിലും കുട്ടി ;

(ഗ) ഹിന്ദുമതത്തിലേക്കോ, ബുദ്ധമതത്തിലേക്കോ ജൈനമതത്തിലേക്കോ, സിക്കുമതത്തിലേക്കോ, പരിവർത്തനം ചെയ്യുകയോ പുന:പരിവർത്തനം ചെയ്യുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും ആൾ.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൽ അടങ്ങിയ യാതൊന്നും, കേന്ദ്ര ഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി മററുവിധത്തിൽ നിർദേശിക്കാത്തപക്ഷം, ഭരണഘടനയുടെ 366-ാം അനുച്ഛേദം (25)-ാം ഖണ്ഡത്തിൻെറ അർത്ഥത്തിലുള്ള ഏതെങ്കിലും പട്ടികഗോത്രവർഗ്ഗത്തിലെ അംഗങ്ങൾക്ക് ബാധകമാകുന്നതല്ല.

(3) ഈ ആക്ററിൻെറ ഏതു ഭാഗത്തുമുള്ള 'ഹിന്ദു' എന്ന പദത്തിന്, അതിൽ ഏതൊരാൾക്കാണോ, അയാൾ മതംകൊണ്ട് ഹിന്ദുവല്ലെങ്കിലും ഈ വകുപ്പിൽ അടങ്ങിയ വ്യവസ്ഥകളുടെ ബലത്തിൽ ഈ ആക്ററ് ബാധകമാകുന്നത്, അയാൾ ഉൾപ്പെടുന്നു എന്നപോലെ അർത്ഥം കല്പിക്കേണ്ടതാകുന്നു.

3. നിർവ്വചനങ്ങൾ.—ഈ ആക്ററിൽ, സന്ദർഭം മററു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "ആചാരം" "വഴക്കം" എന്നീ പദങ്ങൾക്ക് തുടർച്ചയായും ഏകരൂപമായും ദീർഘകാലം ആചരിക്കപ്പെട്ടതുകൊണ്ട് ഏതെങ്കിലും തദ്ദേശപ്രദേശത്തിലോ ഗോത്രവർഗ്ഗത്തിലോ, സമുദായത്തിലോ ഗ്രൂപ്പിലോ കുടുംബത്തിലോ ഹിന്ദുക്കളുടെ ഇടയിൽ നിയമത്തിൻെറ ബലം ലഭിച്ചിട്ടുള്ള ഏതെങ്കിലും ചട്ടം എന്നർത്ഥമാകുന്നു:

എന്നാൽ ആ ചട്ടം സുനിശ്ചിതമായിട്ടുള്ളതും ന്യായരഹിതമോ പബ്ലിക്ക് പാളിസിക്കെതിരോ അല്ലാത്തതും ആയിരിക്കണം:

എന്നുമാത്രമല്ല, ഒരു കുടുംബത്തിനുമാത്രം ബാധകമാകുന്ന ചട്ടത്തിൻെറ സംഗതിയിൽ, ആ കുടുംബം അത് തുടരുന്നത് നിറുത്തിയിരിക്കാൻ പാടില്ലാത്തതും ആകുന്നു;

(ഖ) "ജില്ലാക്കോടതി" എന്നാൽ ഒരു സിററി സിവിൽക്കോടതിയുള്ള ഏതെങ്കിലും പ്രദേശത്ത് ആ കോടതി എന്നും മറേറതെങ്കിലും പ്രദേശത്ത് ആദ്യാധികാരിതയുള്ള പ്രിൻസിപ്പൽ സിവിൽക്കോടതി എന്നും അർത്ഥമാകുന്നതും, അതിൽ ഈ ആക്ററിൽ കൈകാര്യം ചെയ്തിട്ടുള്ള വിഷയങ്ങൾ സംബന്ധിച്ച് അധികാരിതയുള്ളതാണെന്ന് സ്റേററു ഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി വിനിർദ്ദേശിക്കുന്ന മറേറതെങ്കിലും സിവിൽക്കോടതി ഉൾപ്പെടുന്നതും ആകുന്നു;

(ഗ) "പൂർണ്ണരക്ത"വും "അർത്ഥരക്ത"വും—രണ്ടാളുകൾ, ഒരുപൊതു പൂർവ്വികനിൽനിന്നു ഒരേ ഭാര്യവഴിയുള്ള സന്തതികളാണെങ്കിൽ അവർ

അന്യോന്യം പൂർണ്ണരക്തത്താൽ ബന്ധപ്പെട്ടവരെന്നും, അവർ ഒരു പൊതു പൂർവ്വികനിൽനിന്ന് വ്യത്യസ്ത ഭാര്യമാർ വഴിയുളള സന്തതികളാണെങ്കിൽ അന്യോന്യം അർദ്ധരക്തത്താൽ ബന്ധപ്പെള വരെന്നും പറയപ്പെടുന്നു;

(ഘ) "ഏകോദരരക്തം"—രണ്ടാളുകരം ഒരു പൊതുപൂർവ്വികയ്ക്ക് വ്യത്യസ്ത ഭർത്താക്കൻമാർ വഴിയുളള സന്തതികളാണെങ്കിൽ അന്യോന്യം ഏകോദരരക്തത്താൽ ബന്ധപ്പെട്ടവരെന്ന് പറയപ്പെടുന്നു;

വിശദീകരണം.—(ഗ) (ഘ) എന്നീ ഖണ്ഡങ്ങളിൽ "പൂർവ്വികൻ" എന്നതിൽ പിതാവും "പൂർവ്വിക" എന്നതിൽ മാതാവും ഉരംപ്പെടുന്നു.

(ങ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ച) (i) ഏതെങ്കിലും ആളെ സംബന്ധിച്ച് "സപിണ്ഡബന്ധം" മാതാവുവഴിയുളള ആരോഹണപരമ്പരയിൽ മൂന്നാമത്തെതലമുറ വരേയും (അത് ഉരംപ്പെടെ) പിതാവുവഴിയുളള ആരോഹണപരമ്പരയിൽ അഞ്ചാമത്തെ തലമുറവരേയും (അത് ഉരംപ്പെടെ) വ്യാപിക്കുന്നതാകുന്നു—ഓരോ സംഗതിയിലും ആ ആളെ ഒന്നാമത്തെ തലമുറയായി എണ്ണി പരമ്പര മേല്പോട്ട് കണക്കാക്കേണ്ടതാകുന്നു;

(ii) രണ്ടാളുകളിൽ ഒരാരം, മറേറ ആളുടെ ആരോഹണപരമ്പരയിൽ സപിണ്ഡബന്ധത്തിന്റെ പരിമിതികരംക്കുളളിൽ ഉളള പൂർവ്വികനാണെങ്കിലോ അല്ലെങ്കിൽ അവർക്ക് ആരോഹണ പരമ്പരയിൽ സപിണ്ഡബന്ധത്തിന്റെ പരിധികരംക്കുളളിലായി, ഒരു പൊതുപൂർവ്വികൻ ഉണ്ടെങ്കിലോ, അവർ അന്യോന്യം "സപിണ്ഡർ" ആണെന്ന് പറയപ്പെടുന്നു;

(ഛ) "നിരോധിത ബന്ധത്തിന്റെ ഡിഗ്രികരം" രണ്ടാളുകളിൽ—

(i) ഒരാരം മറേറ ആളുടെ ആരോഹണ പരമ്പരയിലെ പൂർവ്വികനാണെങ്കിലോ; അല്ലെങ്കിൽ

(ii) ഒരാരം മറേറ ആളുടെ ആരോഹണ പരമ്പരയിലെ പൂർവ്വികന്റേയോ അവരോഹണപരമ്പരയിലെ സന്തതിയുടേയോ ഭാര്യയോ ഭർത്താവോ ആയിരുന്നുവെങ്കിലോ; അല്ലെങ്കിൽ

(iii) ഒരാരം മറേറ ആളുടെ സഹോദരന്റെയോ പിതൃസഹോദരന്റേയോ മാതൃസഹോദരന്റേയോ പിതാമഹീസഹോദരന്റേയോ മാതാമഹീസഹോദരന്റെയോ പിതാമഹീസഹോദരന്റേയോ മാതാമഹീസഹോദരന്റേയോ ഭാര്യ ആയിരുന്നുവെങ്കിലോ; അല്ലെങ്കിൽ

(iv) ഇരുവരും സഹോദരനും സഹോദരിയുമോ, അല്ലെങ്കിൽ അമ്മയുടേയോ അച്ഛന്റേയോ സഹോദരനും അയാളുടെ സഹോദരിയുടേയോ സഹോദരന്റേയോ പുത്രിയുമോ, അല്ലെങ്കിൽ അമ്മയുടേയോ അച്ഛന്റേയോ സഹോദരിയും അവളുടെ സഹോദരിയുടേയോ സഹോദരന്റെയോ പുത്രനുമോ അല്ലെങ്കിൽ സഹോദരീസഹോദരൻമാരുടേയോ രണ്ടു സഹോദരൻമാരുടേയോ രണ്ടു സഹോദരിമാരുടേയോ കട്ടികളോ ആണെങ്കിലോ,

അവർ നിരോധിതബന്ധത്തിന്റെ ഡിഗ്രികളിൽപ്പെടുന്നവരാണെന്ന് പറയപ്പെടുന്നു.

വിശദീകരണം.—(ച) (ഛ) എന്നീ ഖണ്ഡങ്ങളുടെ ആവശ്യങ്ങരംക്ക് ബന്ധം എന്നതിൽ—

(i) പൂർണ്ണരക്തബന്ധം മാത്രമല്ല അർദ്ധരക്തബന്ധവും, ഏകോദരരക്തബന്ധവും;

(2) നിയമാനുസൃതവേഴ്ചയിലുണ്ടായ രക്തബന്ധം മാത്രമല്ല നിയമവിരുദ്ധമായ വേഴ്ചയിലുണ്ടായ രക്തബന്ധവും;

(3) രക്തംവഴിയുള്ള ബന്ധം മാത്രമല്ല ദത്തുവഴിയുള്ളബന്ധവും

ഉൾപ്പെടുന്നതും; ആഖണ്ഡങ്ങളിൽ ബന്ധത്തെക്കുറിച്ചുള്ള എല്ലാ വാക്കുകൾക്കും അതനുസരിച്ച് അർത്ഥംകല്പിക്കപ്പെടേണ്ടതും ആകുന്നു.

4. <u>ആക്ററിന്റെ അധിപ്രഭാവം.</u>—ഈ ആക്ററിൽ മററുവിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ളിടത്തൊഴികെ,—

(ക) ഈ ആക്ററിന്റെ പ്രാരംഭത്തിനു തൊട്ടുമുൻപു പ്രാബല്യത്തിലിരുന്ന ഹിന്ദു നിയമത്തിന്റെ ഏതെങ്കിലും ശാസ്ത്രവാക്യത്തിനോ ചട്ടത്തിനോവ്യാഖ്യാനത്തിനോ അല്ലെങ്കിൽ ആ നിയമത്തിന്റെ ഭാഗമായ ഏതെങ്കിലും ആചാരത്തിനോ വഴക്കത്തിനോ ഈ ആക്ററിൽ വ്യവസ്ഥയുള്ള ഏതെങ്കിലും വിഷയങ്ങൾ സംബന്ധിച്ചിടത്തോളം, പ്രഭാവമില്ലാതാകുന്നതാണ്;

(ഖ) ഈ ആക്ററിന്റെ പ്രാരംഭത്തിനു തൊട്ടുമുൻപ് പ്രാബല്യത്തിലിരുന്ന മറെറതെങ്കിലും നിയമത്തിന് അത് ഈ ആക്ററിൽ അടങ്ങിയ ഏതെങ്കിലും വ്യവസ്ഥകൾക്ക് അസംഗതമാകുന്നിടത്തോളം പ്രഭാവമില്ലാതാകുന്നതാണ്.

## ഹിന്ദുവിവാഹങ്ങൾ

5. <u>ഒരു ഹിന്ദുവിവാഹത്തിന് വേണ്ട ഉപാധികൾ.</u>—താഴെപ്പറയുന്ന ഉപാധികൾ നിറവേററുന്നുവെങ്കിൽ ഏതെങ്കിലും രണ്ടു ഹിന്ദുക്കൾതമ്മിൽ വിവാഹം ആഘോഷിക്കാവുന്നതാണ്, അതായത്:—

(i) കക്ഷികളിൽ, വരന് ഭാര്യയോ വധുവിന് ഭർത്താവോ, വിവാഹസമയത്ത് ജീവിച്ചിരുപ്പുണ്ടാകരുത്;

(ii) ഒരു കക്ഷിയും വിവാഹ സമയത്ത് ജഡബുദ്ധിയോ ചിത്തഭ്രമമുള്ളവനോ ആകരുത്;

(iii) വിവാഹസമയത്ത് വരന് പതിനെട്ട് വയസും വധുവിന് പതിനഞ്ചു വയസും പൂർത്തിയായിരിക്കണം;

(iv) കക്ഷികൾ, അവരിൽ ഒരോരുത്തരേയും അനുശാസിക്കുന്ന ആചാരമോ വഴക്കമോ അവർ തമ്മിൽ വിവാഹം അനുവദിക്കാത്തപക്ഷം, നിരോധിതബന്ധത്തിന്റെ ഡിഗ്രികളിൽപെട്ടവരാകരുത്;

(v) കക്ഷികൾ, അവരിൽ ഓരോരുത്തരേയും അനുശാസിക്കുന്ന ആചാരമോ വഴക്കമോ അവർതമ്മിൽ വിവാഹം അനുവദിക്കാത്തപക്ഷം അന്യോന്യം സപിണ്ഡർ ആകരുത്.

(vi) വധുവിന് പതിനെട്ടുവയസു പൂർത്തിയായിട്ടില്ലാത്തിടത്ത് ആ വിവാഹത്തിന് അവളുടെ വിവാഹരക്ഷാകർത്താവിന്റെ, അങ്ങനെ ആരെങ്കിലുമുണ്ടെങ്കിൽ, സമ്മതം വാങ്ങിയിരിക്കണം.

6. <u>വിവാഹ-രക്ഷാകർത്തൃത്വം.</u>—(1) ഈ ആക്ററിൻകീഴിൽ, വധുവിന് വിവാഹരക്ഷാകർത്താവിന്റെ സമ്മതം ആവശ്യമായി വരുന്നിടത്തെല്ലാം അങ്ങനെയുള്ള സമ്മതം നൽകുന്നതിന് അവകാശപ്പെട്ട ആളുകൾ ഇതിൻകീഴിൽ വിനിർദ്ദേശിച്ചിട്ടുള്ള ക്രമത്തിൽ താഴെപ്പറയുന്നവരായിരിക്കുന്നതാണ്, അതായത്:—

(ക) പിതാവ്;

(ഖ) മാതാവ്;

(ഗ) പിതാമഹൻ;

(ഘ) പിതാമഹി;

(ങ) പൂർണ്ണ രക്തബന്ധം വഴിയുള്ള സഹോദരൻ; സഹോദരൻമാർ തമ്മിൽ, ജ്യേഷ്ഠന് മുൻഗണന നല്കിക്കൊണ്ട് ;

(ച) അർദ്ധരക്തബന്ധം വഴിയുള്ള സഹോദരൻ ; അർദ്ധരക്തബന്ധം വഴിയുള്ള സഹോദരൻമാർ തമ്മിൽ, ജ്യേഷ്ഠന് മുൻഗണന നല്കിക്കൊണ്ട്:

എന്നാൽ, വധു അയാളുടെകൂടെ ജീവിക്കുന്നവളും അയാൾ വളർത്തിക്കൊണ്ടുവരുന്നവളും ആയിരിക്കണം;

(ഛ) പൂർണ്ണരക്തബന്ധം വഴിയുള്ള പിതൃസഹോദരൻ, പിതൃസഹോദരൻമാർ തമ്മിൽ ജേഷ്ഠന് മുൻഗണന നല്കിക്കൊണ്ട്;

(ജ) അർദ്ധരക്തബന്ധം വഴിയുള്ള പിതൃസഹോദരൻ; അർദ്ധരക്തബന്ധം വഴിയുള്ള പിതൃസഹോദരൻമാർ തമ്മിൽ ജ്യേഷ്ഠന് മുൻഗണന നൽകികൊണ്ട്:

എന്നാൽ വധു അയാളുടെ കൂടെ ജീവിക്കുന്നവളും അയാൾ വളർത്തിക്കൊണ്ടുവരുന്നവളും ആയിരിക്കണം;

(ഝ) മാതാമഹൻ ;

(ഞ) മാതാമഹി ;

(ട) പൂർണ്ണ രക്തബന്ധംവഴിയുള്ള മാതൃ സഹോദരൻ ; മാതൃസഹോദരൻമാർ തമ്മിൽ, ജ്യേഷ്ഠന് മുൻഗണന നല്കിക്കൊണ്ട് ;

എന്നാൽ വധു അയാളുടെ കൂടെ ജീവിക്കുന്നവളും അയാൾ വളർത്തിക്കൊണ്ടുവരുന്നവളും ആയിരിക്കണം.

(2) യാതൊരാൾക്കും, തനിക്കു ഇരുപത്തൊന്നാമത്തെ വയസ്സ് പൂർത്തിയാകാത്തപക്ഷം ഈ വകുപ്പിന്റെ വ്യവസ്ഥകൾക്കുകീഴിൽ വിവാഹ-രക്ഷകർത്താവായി പ്രവർത്തിക്കാൻ, അവകാശമുണ്ടായിരിക്കുന്നതല്ല.

(3) മേല്പറഞ്ഞ വ്യവസ്ഥകൾക്ക് കീഴിൽ വിവാഹ രക്ഷാകർത്താവായിരിക്കാൻ അവകാശമുള്ള ഏതെങ്കിലും ആൾ, അങ്ങനെ പ്രവർത്തിക്കാൻ നിരസിക്കുകയോ ഏതെങ്കിലും കാരണംകൊണ്ട് കഴിവില്ലാത്തവനോ അയോഗ്യനോ ആവുകയോ ചെയ്യുന്നുവെങ്കിൽ, ക്രമമനുസരിച്ച് അടുത്ത ആൾക്കു രക്ഷാകർത്താവായിരിക്കാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

(4) (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഏതെങ്കിലും ആളുടെ അഭാവത്തിൽ ഈ ആക്ററിൻകീഴിലുള്ള ഒരു വിവാഹത്തിന് ഒരു രക്ഷാകർത്താവിന്റെ സമ്മതം ആവശ്യമില്ല.

(5) ഈ ആക്ററിലുള്ള യാതൊന്നും ഒരു ഉദ്ദിഷ്ട വിവാഹം ഇൻജങ്ഷൻവഴി നിരോധിക്കാൻ കോടതിക്ക് ഉള്ള അധികാരിതയെ ബാധിക്കുന്നതല്ല; അങ്ങനെ ചെയ്യേണ്ടത് വിവാഹത്തിന് സമ്മതംവേണ്ട വധുവിന്റെ താത്പര്യത്തിന് ആവശ്യമാണെന്ന് അതിന് തോന്നുന്നപക്ഷവും.

7. <u>ഹിന്ദു വിവാഹത്തിനുള്ള അടിയന്തരങ്ങൾ</u>:—(1) ഒരു ഹിന്ദു വിവാഹം അതിലെ ഇരു കക്ഷികളിൽ ആരുടേയെങ്കിലും ആചാരപ്രകാരമുള്ള ചടങ്ങുകളും അടിയന്തരങ്ങളും അനുസരിച്ച് ആഘോഷിക്കാവുന്നതാണ്.

(2) അങ്ങനെയുള്ള ചടങ്ങുകളിലും അടിയന്തരങ്ങളിലും സപ്തപദി (അതായത് അഗ്നി സമക്ഷം വരനും വധുവും ഒന്നിച്ച് ഏഴു ചുവടു വയ്ക്കുന്നത്) ഉൾപ്പെടുന്നിടത്ത്, ഏഴാമത്തെ ചുവടുവയ്ക്കുമ്പോൾ വിവാഹം പൂർത്തിയായതും ബന്ധിക്കുന്നതും ആയിത്തീരുന്നു.

8. ഹിന്ദു വിവാഹങ്ങളുടെ രജിസ്ട്രേഷൻ.—(1) ഹിന്ദു വിവാഹങ്ങൾ തെളിയിക്കുന്നത് സുകരമാക്കുന്ന ആവശ്യത്തിലേക്കു, സ്റ്റേറ്റ് ഗവൺമെൻറിന് അങ്ങനെയുള്ള ഏതെങ്കിലും വിവാഹത്തിലെ കക്ഷികൾക്ക് അവരുടെ വിവാഹം സംബന്ധിച്ച വിവരങ്ങൾ, നിർണ്ണയിക്കപ്പെടുന്ന രീതിയിലും നിർണ്ണയിക്കപ്പെടുന്ന ഉപാധികൾക്കും വിധേയമായി, ആ ആവശ്യത്തിലേക്കു വച്ചുപോരുന്ന ഹിന്ദുവിവാഹ രജിസ്ററരിൽ ചേർപ്പിക്കാവുന്നതാണെന്നു വ്യവസ്ഥചെയ്യുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സ്റ്റേറ്റ് ഗവൺമെൻറിന്, ആവശ്യമാണെന്നോ സമീചീനമാണെന്നോ അഭിപ്രായമുണ്ടെങ്കിൽ, (1)-ാം ഉപവകുപ്പിൽ പറഞ്ഞ വിവരങ്ങൾ ചേർക്കുന്നത് എല്ലാ സംഗതികളിലായാലും വിനിർദ്ദിഷ്ട സംഗതികളിലായാലും, സ്റ്റേറ്റിലോ അതിൻെറ ഏതെങ്കിലും ഭാഗത്തോ നിർബന്ധകമാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതും അങ്ങനെ ഏതെങ്കിലും നിദേശം പുറപ്പെടുവിച്ചിട്ടുള്ളിടത്ത്, ഇതിലേക്ക് ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടം ലംഘിക്കുന്ന ഏതെങ്കിലും ആൾ ഇരുപത്തഞ്ചു രൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതും ആകുന്നു.

(3) ഈ വകുപ്പിൻകീഴിലുണ്ടാക്കിയ എല്ലാ ചട്ടങ്ങളും, അവ ഉണ്ടാക്കിയതിനുശേഷം കഴിയുന്നതും വേഗത്തിൽ, സ്റ്റേറ്റ് നിയമനിർമ്മാണമണ്ഡലത്തിൻെറ മുമ്പാകെ വയ്ക്കേണ്ടതാകുന്നു.

(4) ഹിന്ദുവിവാഹ രജിസ്ററർ പരിശോധനയ്ക്ക് ന്യായമായ എല്ലാ സമയങ്ങളിലും പ്രാപ്യമാക്കേണ്ടതും അതിൽ അടങ്ങിയിട്ടുള്ള പ്രസ്താവനകളുടെ തെളിവായി തെളിവിന് സ്വീകാര്യമാകേണ്ടതും, അപേക്ഷയിൻമേൽ, നിർണ്ണയിക്കപ്പെട്ട ഫീസ് അടച്ചതിനുശേഷം രജിസ്ട്രാർ അതിൽനിന്നുള്ള സർട്ടിഫൈ ചെയ്ത എക്സ്ട്രാക്ററുകൾ നല്കേണ്ടതും ആകുന്നു.

(5) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഉൾക്കുറിപ്പു ചേർക്കുവാൻ വിട്ടുപോകുന്നത് ഏതെങ്കിലും ഹിന്ദു വിവാഹത്തിൻെറ സാധുതയെ യാതൊരുവിധത്തിലും ബാധിക്കുന്നതല്ല.

## ദാമ്പത്യാവകാശങ്ങളുടെ പുന:സ്ഥാപനവും ജൂഡീഷ്യലായ വേർപെടുത്തലും

9. ദാമ്പത്യാവകാശങ്ങളുടെ പുന:സ്ഥാപനം.—(1) ഭാര്യാഭർത്താക്കൻമാരിൽ ഒരാൾ, ന്യായമായ കാരണംകൂടാതെ മറേറ ആളുമായുള്ള സഹവാസത്തിൽനിന്ന് പിൻവാങ്ങുമ്പോൾ, സങ്കട കക്ഷിക്ക് ദാമ്പത്യാവകാശങ്ങളുടെ പുന:സ്ഥാപനത്തിന് ഒരു ഹർജി വഴി ജില്ലാക്കോടതിയോട് അപേക്ഷിക്കാവുന്നതും, കോടതിക്ക് അങ്ങനെയുള്ള ഹർജിയിൽ പറഞ്ഞിരിക്കുന്ന പ്രസ്താവനകൾ സത്യമാണെന്നും, ആ അപേക്ഷ അനുവദിക്കാതിരിക്കുന്നതിന് നിയമപരമായ യാതൊരു കാരണവും ഇല്ലെന്നും ബോദ്ധ്യപ്പെട്ടതിൻമേൽ, അതനുസരിച്ച് ദാമ്പത്യാവകാശങ്ങളുടെ പുന:സ്ഥാപനത്തിന് വിധിക്കാവുന്നതും ആകുന്നു.

(2) ജുഡീഷ്യലായുള്ള വേർപെടുത്തലിനോ വിവാഹത്തിന്റെ അകൃതതയ്ക്കോ വിവാഹമോചനത്തിനുള്ള ഒരു കാരണമല്ലാത്ത യാതൊന്നും, ദാമ്പത്യാവകാശങ്ങളുടെ പുന:സ്ഥാപനത്തിനുള്ള ഒരു ഹർജ്ജിക്ക് മറുപടിയായി വാദിക്കുവാൻ പാടുള്ളതല്ല.

10. ജുഡീഷ്യലായുള്ള വേർപെടുത്തൽ.—(1) ഒരു വിവാഹത്തിലെ ഇരുകക്ഷികളിൽ ആർക്കെങ്കിലും അത് ആഘോഷിച്ചത് ഈ ആക്ററിന്റെ പ്രാരംഭത്തിന് മുമ്പോ പിമ്പോ ആയാലും, ജൂഡീഷ്യലായ വേർപെടുത്തലിനുള്ള ഒരു വിധിക്ക് അപേക്ഷിച്ചുകൊണ്ട് ജില്ലാകോടതിയിൽ ഒരു ഹർജി, മറേറ കക്ഷി—

(ക) ഹർജി ബോധിപ്പിച്ചതിന് തൊട്ടുമുമ്പ്, തുടർച്ചയായി രണ്ടു വർഷത്തിൽ കുറയാത്ത കാലം ഹർജി കൊടുത്ത ആളെ അഭിത്യജിച്ചിട്ടുണ്ടെന്നോ, അല്ലെങ്കിൽ

(ഖ) മറേറ കക്ഷിയോടുകൂടി ജീവിക്കുന്നത് ഹർജി കൊടുത്ത ആാക്ക് ഹാനികരമോ ക്ഷതികരമോ ആണെന്നുള്ള ന്യായമായ ആശങ്ക, ഹർജി കൊടുത്ത ആളുടെ മനസ്സിൽ ഉളവാക്കത്തക്ക ക്രൂരതയോടുകൂടി ഹർജി കൊടുത്ത ആളോട് പെരുമാറിയിട്ടുണ്ടെന്നോ; അല്ലെങ്കിൽ

(ഗ) ഹർജി ബോധിപ്പിച്ചതിന് തൊട്ടുമുമ്പ് ഒരു വർഷത്തിൽ കുറയാത്ത കാലം ഉഗ്രമായ കുഷ്ഠരോഗം ബാധിച്ചിരുന്ന ആളായിരുന്നുവെന്നോ; അല്ലെങ്കിൽ

(ഘ) ഹർജി ബോധിപ്പിച്ചതിനുതൊട്ടുമുമ്പ് മൂന്നു വർഷത്തിൽ കുറയാത്ത കാലം, ഹർജി കൊടുത്ത ആളിൽനിന്ന് കിട്ടിയിട്ടുള്ളതല്ലാത്ത, പകരാവുന്ന രൂപത്തിലുള്ള ഗുഹ്യരോഗം ബാധിച്ചിരുന്ന ആളായിരുന്നുവെന്നോ; അല്ലെങ്കിൽ

(ങ) ഹർജി ബോധിപ്പിച്ചതിന് തൊട്ടുമുമ്പ് രണ്ടുവർഷത്തിൽ കുറയാത്ത കാലം തുടർച്ചയായി ചിത്തഭ്രമമുള്ള ആളായിരുന്നുവെന്നോ; അല്ലെങ്കിൽ

(ച) വിവാഹം ആഘോഷിച്ചതിനുശേഷം, തന്റെ ഭാര്യയോ ഭർത്താവോ, അല്ലാത്ത മററ് ആരെങ്കിലുമായി ലൈംഗികസംഗം ചെയ്തിട്ടുണ്ടെന്നോ ;

ഉള്ള കാരണത്തിൻമേൽ, കൊടുക്കാവുന്നതാണ്.

വിശദീകരണം.—ഈ വകുപ്പിൽ "അഭിത്യജനം" എന്ന പദത്തിനും അതിന്റെ വ്യാകരണസംബന്ധമായ രൂപഭേദങ്ങാംക്കും സജാതീയപദങ്ങാംക്കും ഹർജി കൊടുത്ത ആളെ ന്യായമായ കാരണംകൂടാതെയും അങ്ങനെയുള്ള കക്ഷിയുടെ സമ്മതം കൂടാതെയും അല്ലെങ്കിൽ ആഗ്രഹത്തിനെതിരായുംവിവാഹത്തിലെ മറേറ കക്ഷി അഭിത്യജിക്കുന്നത് എന്നർത്ഥമാകുന്നതും; അതിൽ ഹർജി കൊടുത്ത ആളോട് വിവാഹത്തിലെ മറേറ കക്ഷി മന:പൂർവ്വമായ ഉപേക്ഷ കാണിക്കുന്നത് ഉാംപ്പെടുന്നതും ആകുന്നു.

(2) ജുഡീഷ്യലായുള്ള വേർപെടുത്തലിന് ഒരു വിധി പാസ്സാക്കിയിട്ടുള്ളിടത്ത്, പിന്നീട് എതിർകക്ഷിയുമായി സഹവസിക്കുവാൻ, ഹർജി കൊടുത്ത ആാക്ക് ബാദ്ധ്യതയില്ലാത്തതും, എന്നാൽ കോടതിക്ക് ഇരു കക്ഷികളിൽ ആരുടെയെങ്കിലും ഹർജിവഴിയുള്ള അപേക്ഷയിൻമേലും അങ്ങനെയുള്ള ഹർജിയിൽ പറഞ്ഞിട്ടുള്ള പ്രസ്താവനകളുടെ സത്യാവസ്ഥയെപ്പററി

ബോദ്ധ്യപ്പെട്ടതിൻമേലും, ആ വിധി റദ്ദാക്കുന്നത് നീതിപൂർവ്വകവും ന്യായമായതും ആണെന്ന് കരുതുന്നുവെങ്കിൽ, അപ്രകാരം ചെയ്യാവുന്നതും ആണ്.

## വിവാഹത്തിന്റെ അകൃതതയും വിവാഹ മോചനവും

11. ശൂന്യവിവാഹങ്ങൾ.—ഈ ആക്ടിന്റെ പ്രാരംഭത്തിനുശേഷം ആഘോഷിച്ച ഏതെങ്കിലും വിവാഹം 5-ാം വകുപ്പിലെ (1), (4), (5), എന്നീ ഖണ്ഡങ്ങളിൽ വിനിർദ്ദിഷ്ടമായ ഉപാധികളിൽ ഏതെങ്കിലും ഒന്നിന് വിരുദ്ധമായിട്ടുള്ളതാണെങ്കിൽ അത് അകൃതവും ശൂന്യവും ആകുന്നതും അതിലെ ഇരു കക്ഷികളിൽ ആരെങ്കിലും ബോധിപ്പിക്കുന്ന ഹർജിയിൻമേൽ ഒരു അകൃതതാ വിധിയാൽ അപ്രകാരം പ്രഖ്യാപിക്കുന്നതും ആണ്.

12. ശൂന്യമാക്കാവുന്ന വിവാഹങ്ങൾ.—(1) ഏതെങ്കിലും വിവാഹം, ആ വിവാഹം ഈ ആക്ടിന്റെ പ്രാരംഭത്തിനു മുമ്പോ പിമ്പോ ആഘോഷിച്ചതായാലും, താഴെപ്പറയുന്ന ഏതെങ്കിലും കാരണത്തിൻമേൽ, അതായത്—

(ക) എതിർകക്ഷി, വിവാഹസമയത്തു ലൈംഗിക സംഗത്തിന് അശക്തനായിരുന്നുവെന്നും നടപടിയുടെ ആരംഭംവരെ അപ്രകാരം തുടർന്നിരുന്നു എന്നും; അല്ലെങ്കിൽ

(ഖ) വിവാഹം 5-ാം വകുപ്പിലെ (ii)-ാം ഖണ്ഡത്തിൽ വിനിർദ്ദിഷ്ടമായ ഉപാധിക്ക് വിരുദ്ധമായിട്ടുള്ളതാണെന്ന്; അല്ലെങ്കിൽ

(ഗ) ഹർജി കൊടുത്ത ആളുടെ സമ്മതമോ, അല്ലെങ്കിൽ ഹർജികൊടുത്ത ആളുടെ വിവാഹം രക്ഷാകർത്താവിന്റെ സമ്മതം 5-ാം വകുപ്പിന് കീഴിൽ ആവശ്യമാണെങ്കിൽ അങ്ങനെയുള്ള രക്ഷാകർത്താവിന്റെ സമ്മതമോ, ബലപ്രയോഗത്താലോ വഞ്ചനയാലോ നേടിയിട്ടുള്ളതാണെന്ന്; അല്ലെങ്കിൽ

(ഘ) വിവാഹ സമയത്ത് എതിർകക്ഷി ഹർജി കൊടുത്ത ആളിൽനിന്നല്ലാതെ, മററ് ഏതെങ്കിലും ആളിൽ നിന്ന് ഗർഭം ധരിച്ചിട്ടുണ്ടെന്ന്,

ഉള്ള കാരണത്തിൻമേൽ ശൂന്യമാക്കാവുന്ന ഒന്നാകുന്നതും അത് ഒരു അകൃതത വിധിയാൽ അകൃതമാക്കാവുന്നതും ആണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, വിവാഹം അകൃതമാക്കുന്നതിനുള്ള യാതൊരു ഹർജിയും—

(ക) (1)-ാം ഉപവകുപ്പ് (ഗ) ഖണ്ഡത്തിൽ വിനിർദ്ദിഷ്ടമായ കാരണത്തിൻമേൽ—

(i) അതതു സംഗതിപോലെ, ബലപ്രയോഗം പ്രവർത്തനത്തിലല്ലാതായിട്ടോ വഞ്ചന കണ്ടുപിടിക്കപ്പെട്ടിട്ടോ ഒരു വർഷത്തിൽ കൂടുതൽ കഴിഞ്ഞതിനുശേഷമാണ് ഹർജി ബോധിപ്പിച്ചിട്ടുള്ളതെങ്കിലോ; അല്ലെങ്കിൽ

(ii) അതതു സംഗതിപോലെ, ബലപ്രയോഗം പ്രവർത്തനത്തിലല്ലാതായതിനോ വഞ്ചന കണ്ടുപിടിക്കപ്പെട്ടതിനോ ശേഷം ഹർജി കൊടുത്ത ആൾ തന്റെ പൂർണ്ണ സമ്മതത്തോടുകൂടി വിവാഹത്തിലെ മററേ കക്ഷിയുമായി ഭർത്താവോ ഭാര്യയോ എന്ന നിലയിൽ ജീവിച്ചിട്ടുണ്ടെങ്കിലോ,

സ്വീകരിക്കപ്പെടുന്നതോ;

(ഖ) (1)-ാം ഉപവകുപ്പ് (ഘ) ഖണ്ഡത്തിൽ വിനിർദ്ദിഷ്ടമായ കാരണത്തിൻമേൽ—

(i) വിവാഹ സമയത്ത് ഹർജി കൊടുത്ത ആൾക്ക്, പറയപ്പെട്ട വസ്തുതകളെപ്പററി അറിവുണ്ടായിരുന്നില്ലെന്നും;

(ii) നടപടികൾ ആരംഭിച്ചിട്ടുള്ളത് ഈ ആക്ററിൻെറ പ്രാരംഭത്തിനു മുമ്പായി ആഘോഷിച്ച ഒരു വിവാഹത്തിൻെറ സംഗതിയിൽ അങ്ങനെയുള്ള പ്രാരംഭത്തിൻെറ ഒരു വർഷത്തിനുള്ളിലും അങ്ങനെയുള്ള പ്രാരംഭത്തിനു ശേഷം ചടങ്ങനുസരിച്ച് നടത്തിയിട്ടുള്ള വിവാഹങ്ങളുടെ സംഗതിയിൽ വിവാഹത്തിൻെറ തീയതി മുതൽ ഒരു വർഷത്തിനുള്ളിലും ആണെന്നും,

(iii) ഒരു വിധിക്കുള്ള കാരണങ്ങളുടെ അസ്തിത്വം ഹർജികൊടുത്ത ആൾ കണ്ടുപിടിച്ചതിനുശേഷം ഹർജി കൊടുത്ത ആളുടെ സമ്മതത്തോടുകൂടി വൈവാഹികസംഗം ഉണ്ടായിട്ടില്ലെന്നും,

കോടതിക്ക് ബോദ്ധ്യമാകാത്തപക്ഷം, സ്വീകരിക്കപ്പെടുന്നതോ, അല്ലാത്തതാകുന്നു.

13. <u>വിവാഹമോചനം</u>.—(1) ഏതെങ്കിലും വിവാഹം, അത് ഈ ആക്ററിൻെറ പ്രാരംഭത്തിനു മുമ്പോ പിമ്പോ ആഘോഷിച്ചിട്ടുള്ളതായാലും ഭാര്യയോ ഭർത്താവോ ബോധിപ്പിക്കുന്ന ഒരു ഹർജിയിൻമേൽ, മറേറ കക്ഷി—

(i) വ്യഭിചാരജീവിതം നയിക്കുകയാണെന്നോ; അല്ലെങ്കിൽ

(ii) മറെറാരു മതത്തിലേയ്ക്കുള്ള പരിവർത്തനത്താൽ ഹിന്ദു അല്ലാതായിത്തീർന്നിട്ടുണ്ടെന്നോ; അല്ലെങ്കിൽ

(iii) ഹർജി ബോധിപ്പിച്ചതിന് തൊട്ടുമുമ്പ് മൂന്നു വർഷത്തിൽ കുറയാത്തകാലം തുടർച്ചയായി മാറാത്ത ചിത്തഭ്രമം ഉള്ള ആളായിരിക്കുകയാണെന്നോ; അല്ലെങ്കിൽ

(iv) ഹർജി ബോധിപ്പിച്ചതിന് തൊട്ടു മുമ്പ് മൂന്നു വർഷത്തിൽ കുറയാത്തകാലം ഉഗ്രമായതും മാറാത്തതുമായ കുഷ്ഠരോഗം ബാധിച്ച ആളായിരിക്കുകയാണെന്നോ; അല്ലെങ്കിൽ

(v) ഹർജി ബോധിപ്പിച്ചതിന് തൊട്ടുമുൻപ് മൂന്നു വർഷത്തിൽ കുറയാത്തകാലം പകരാവുന്ന രൂപത്തിലുള്ള ഗുഹ്യരോഗം ബാധിച്ച ആളായിരിക്കുകയാണെന്നോ; അല്ലെങ്കിൽ

(vi) ഏതെങ്കിലും പരിവ്രാജകമാർഗ്ഗം സ്വീകരിച്ച് ലൗകികജീവിതം പരിത്യജിച്ച ആളായിരിക്കുകയാണെന്നോ;

(vii) ജീവിച്ചിരിപ്പുള്ളതായി ആ കക്ഷി ജീവിച്ചിരിപ്പുണ്ടെങ്കിൽ സ്വാഭാവികമായി അതിനെക്കുറിച്ച് കേൾക്കുമായിരുന്ന ആളുകൾ ഏഴു വർഷമോ അതിൽ കൂടുതലോ കാലമായി കേട്ടിട്ടില്ലെന്നോ;

ഉള്ള കാരണത്തിൻമേൽ ഒരു വിവാഹ മോചന വിധിയാൽ വിഘടിതമാക്കാവുന്നതാണ്.

(1എ) കൂടാതെ വിവാഹത്തിലെ ഇരുകക്ഷികളിൽ ആർക്കെങ്കിലും, അത് ഈ ആക്ററിൻെറ പ്രാരംഭത്തിന് മുമ്പോ പിമ്പോ ആഘോഷിച്ചതായാലും—

(i) വിവാഹത്തിലെ കക്ഷികൾ തമ്മിൽ, അവർ കക്ഷികളായിരുന്ന ഒരു നടപടിയിൽ ജുഡീഷ്യലായ വേർപെടുത്തലിന് ഒരു വിധി പാസാക്കിയതിനുശേഷം, രണ്ടുവർഷമോ അതിൽ കൂടുതലോ കാലമായി സഹവാസം പുനരാരംഭിച്ചിട്ടില്ലെന്നോ; അല്ലെങ്കിൽ

(ii) വിവാഹത്തിലെ കക്ഷികൾ തമ്മിൽ അവർ കക്ഷികളായിരുന്ന ഒരു നടപടിയിൽ ദാമ്പത്യാവകാശങ്ങൾ പുനഃസ്ഥാപിക്കുന്നതിനുള്ള വിധി പാസ്സാക്കിയതിനുശേഷം, രണ്ടുവർഷമോ അതിൽ

കൂടുതലോ കാലമായ ദാമ്പത്യാവകാശങ്ങൾ പുന:സ്ഥാപിച്ചിട്ടില്ലെന്നും,

ഉള്ള കാരണത്തിൻമേൽ ഒരു വിവാഹമോചന വിധിയാൽ വിവാഹത്തിന്റെ വിഘടനത്തിന് ഹർജി ബോധിപ്പിക്കാവുന്നതാണ്.

(2) ഒരു ഭാര്യയ്ക്ക് താഴെപ്പറയുന്ന കാരണത്തിൻമേലും, തന്റെ വിവാഹത്തിന്റെ വിവാഹമോചനവിധിയാലുള്ള വിഘടനത്തിന് ഹർജി ബോധിപ്പിക്കാവുന്നതാണ്,—

(i) ഈ ആക്ടിന്റെ പ്രാരംഭത്തിനു മുൻപ് ആഘോഷിച്ചിട്ടുള്ള ഏതെങ്കിലും വിവാഹത്തിന്റെ സംഗതിയിൽ, അങ്ങനെയുള്ള പ്രാരംഭത്തിനു മുമ്പ് ഭർത്താവ് വീണ്ടും വിവാഹം ചെയ്തിട്ടുണ്ടായിരുന്നുവെന്നോ, അല്ലെങ്കിൽ അങ്ങനെയുള്ള പ്രാരംഭത്തിനു മുമ്പ് ഭർത്താവ് വിവാഹം ചെയ്ത വേറെ ഏതെങ്കിലും ഭാര്യ ഹർജിക്കാരിയുടെ വിവാഹം ചടങ്ങനുസരിച്ച് നടന്ന സമയത്ത് ജീവിച്ചിരിപ്പുണ്ടായിരുന്നുവെന്നോ, ഉള്ള കാരണത്തിൻമേൽ;

എന്നാൽ ഈ രണ്ടു സംഗതികളിലും ഹർജി ബോധിപ്പിക്കുന്ന കാലത്ത് മറേറ ഭാര്യ ജീവിച്ചിരിപ്പുണ്ടായിരുന്നുവെന്നോ, ഉള്ള കാരണത്തിൻമേൽ:

എന്നാൽ ഈ രണ്ടു സംഗതികളിലും ഹർജി ബോധിപ്പിക്കുന്ന കാലത്തു മറേറ ഭാര്യ ജീവിച്ചിരിപ്പുണ്ടായിരിക്കണം; അല്ലെങ്കിൽ

(ii) വിവാഹം ആഘോഷിച്ചതിനുശേഷം ഭർത്താവ് ബലാൽസംഗത്തിനോ പ്രകൃതിവിരോധസംഗത്തിനോ, മൃഗസംഗത്തിനോ അപരാധിയായിരുന്നു എന്ന കാരണത്തിൻമേൽ.

14. <u>വിവാഹ മോചനത്തിനുള്ള യാതൊരു ഹർജിയും വിവാഹം കഴിഞ്ഞ് മൂന്നു വർഷത്തിനുള്ളിൽ ബോധിപ്പിക്കാൻ പാടില്ലെന്ന്.</u>—(1) ഈ ആക്ടിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, വിവാഹമോചനവിധിയാൽ വിവാഹത്തിന്റെ വിഘടനത്തിനുള്ള ഏതെങ്കിലും ഹർജി സ്വീകരിക്കുവാൻ ഹർജി കൊടുത്ത തീയതിക്ക് വിവാഹത്തീയതിമുതൽ മൂന്നു വർഷം കഴിഞ്ഞിട്ടില്ലാത്ത പക്ഷം യാതൊരു കോടതിക്കും ക്ഷമതയുണ്ടായിരിക്കുന്നതല്ല:

എന്നാൽ കോടതിക്ക്, ഹൈക്കോടതി അതിലേക്ക് ഉണ്ടാക്കുന്ന ചട്ടങ്ങൾ അനുസരിച്ച് കൊടുക്കുന്ന അപേക്ഷയിൻമേൽ, ഹർജി വിവാഹത്തീയതി മുതൽ മൂന്നുവർഷം കഴിയുന്നതിനുമുൻപ് ബോധിപ്പിക്കുവാൻ, ഹർജി കൊടുത്ത കക്ഷിക്ക് അസാധാരണ കഷ്ടതയോ എതിർകക്ഷിയുടെ ഭാഗത്ത് അസാധാരണ ദുർമ്മാർഗ്ഗിത്വമോ ഉള്ള സംഗതി ആണെന്ന കാരണത്തിൻമേൽ അനുവദിക്കാവുന്നതാണ്, എന്നാൽ ഹർജി ബോധിപ്പിക്കുവാനുള്ള അനുവാദം ഹർജി ബോധിപ്പിച്ച ആൾ സംഗതികളുടെ സ്വഭാവം തെററിദ്ധരിപ്പിച്ചോ മറച്ചുവച്ചോ നേടിയതാണെന്ന് ഹർജിയുടെ ഹിയറിങ്ങ് സമയത്ത് കോടതിക്ക് തോന്നുന്നുവെങ്കിൽ, കോടതിക്ക്, ഒരു വിധി പ്രസ്താവിക്കുന്നുവെങ്കിൽ, അത് വിവാഹത്തീയതി മുതൽ മൂന്നു വർഷം കഴിയുന്നതുവരെ വിധിക്ക് പ്രഭാവം ഉണ്ടായിരിക്കുന്നതല്ല എന്നുള്ള ഉപാധിക്ക് വിധേയമായി ചെയ്യാവുന്നതോ അല്ലെങ്കിൽ മേൽപറഞ്ഞ മൂന്നു വർഷം കഴിഞ്ഞതിനുശേഷം, തള്ളിക്കളയുന്ന ഹർജിക്ക് അവലംബമായി പറഞ്ഞിട്ടുള്ള അതേ വസ്തുതകളിൻമേലോ സാരാംശത്തിൽ അതേ വസ്തുതകളിൻമേലോ കൊണ്ടുവരുന്ന ഏതെങ്കിലും ഹർജിക്ക് ഭംഗം വരാത്തവിധത്തിൽ ആ ഹർജി തള്ളിക്കളയാവുന്നതോ, ആണ്.

(2) വിവാഹത്തീയതി മുതൽ മൂന്നു വർഷം കഴിയുന്നതിനുമുമ്പ് വിവാഹമോചനത്തിനുള്ള ഒരു ഹർജി ബോധിപ്പിക്കുവാൻ അനുവാദത്തിനുള്ള വകുപ്പിൻ കീഴിലെ ഒരു അപേക്ഷ തീരുമാനിക്കുന്നതിൽ, കോടതി ആ വിവാഹത്തിലെ ഏതെങ്കിലും കുട്ടികളുടെ താത്പര്യങ്ങളും മേല്പറഞ്ഞ മൂന്നു വർഷം കഴിയുന്നതിനുമുമ്പു കക്ഷികൾ തമ്മിൽ രജ്ഞിപ്പിനുള്ള ന്യായമായ സംഭാവ്യത ഉണ്ടോ എന്ന പ്രശ്നവും, കണക്കിലെടുക്കേണ്ടതാകുന്നു.

15. വിവാഹമോചനം നേടിയവർക്ക് എപ്പോൾ വീണ്ടും വിവാഹം ചെയ്യാമെന്ന്.— ഒരു വിവാഹമോചന വിധിയാൽ വിവാഹം വിഘടിതമാവുകയും ആ വിധിന്മേൽ ഒന്നുകിൽ അപ്പീൽ കൊടുക്കുന്നതിന് യാതൊരു അവകാശവുമില്ലാതിരിക്കുകയോ, അല്ലെങ്കിൽ, അങ്ങനെ അപ്പീലിന് അവകാശമുണ്ടെങ്കിൽ, അപ്പീൽ കൊടുക്കാതെ അപ്പീലിനുള്ള കാലാവധി കഴിഞ്ഞിരിക്കുകയോ അപ്പീൽ ബോധിപ്പിക്കുകയും എന്നാൽ അത് തള്ളിക്കളഞ്ഞിരിക്കുകയോ ചെയ്യുകയും ചെയ്യുമ്പോൾ, വിവാഹത്തിലെ ഇരുകക്ഷികളിൽ ആരെങ്കിലും വീണ്ടും വിവാഹം ചെയ്യുന്നത് നിയമാനുസൃതമായിരിക്കുന്നതാണ്:

എന്നാൽ അതതു കക്ഷികൾ പുനർവിവാഹം ചെയ്യുന്നത് അങ്ങനെയുള്ള വിവാഹത്തീയതിക്ക് ആദ്യ കോടതിയിലെ വിധിത്തീയതി മുതൽ കുറഞ്ഞത് ഒരു വർഷമെങ്കിലും കഴിഞ്ഞിട്ടില്ലാത്തപക്ഷം നിയമാനുസൃതമായിരിക്കുന്നതല്ല.

16. ശൂന്യമായതോ ശൂന്യമാക്കാവുന്നതോ ആയ വിവാഹത്തിലെ കുട്ടികൾ നിയമാനുസൃത വേഴ്ചയിൽ ഉണ്ടായതായി കരുതപ്പെടുന്നത്.— 11-ാം വകുപ്പിനോ 12-ാം വകുപ്പിനോ കീഴിൽ ഏതെങ്കിലും വിവാഹം സംബന്ധിച്ച് ഒരു അകൃതതാവിധി നല്കിയിട്ടുള്ളിടത്ത്, ആ വിവാഹം ഒരു അകൃതതാവിധിയാൽ അകൃതവും ശൂന്യവുമായി പ്രഖ്യാപിക്കുകയോ അകൃതമാക്കുകയോ ചെയ്യുന്നതിനുപകരം അത് വിഘടിതമാക്കിയിരുന്നാൽ ആ വിവാഹത്തിലെ കക്ഷികളുടെ നിയമാനുസൃത വേഴ്ചയിലുണ്ടായ കുട്ടിയാകുമായിരുന്നതും, അവിധിക്കുമുമ്പ് ജനിക്കുകയോ ഗർഭസ്ഥമാവുകയോ ചെയ്തതും ആയ ഏതെങ്കിലും കുട്ടി, അകൃതതാവിധി ഉണ്ടെന്നിരുന്നാലും അവരുടെ നിയമാനുസൃത വേഴ്ചയിലുണ്ടായ കുട്ടിയായി കരുതപ്പെടുന്നതാകുന്നു:

എന്നാൽ ഈ വകുപ്പിൽ അടങ്ങിയ യാതൊന്നിനും, ഒരു അകൃതതാവിധിയാൽ അകൃതവും ശൂന്യവുമായി പ്രഖ്യാപിക്കുകയോ അകൃതമാക്കുകയോ ചെയ്തിട്ടുള്ള ഒരു വിവാഹത്തിലെ ഏതെങ്കിലും കുട്ടിക്ക്, അങ്ങനെയുള്ള കുട്ടി, മാതാപിതാക്കളുടെ നിയമാനുസൃത വേഴ്ചയിലുള്ള കുട്ടിയല്ല എന്ന കാരണത്താൽ അതിന്റെ മാതാപിതാക്കളല്ലാത്ത മറ്റേതെങ്കിലും ആളുടെ വസ്തുവിനോ വസ്തുവിലോ ഉള്ള ഏതെങ്കിലും അവകാശം കൈവശപ്പെടുത്തുകയോ ആർജ്ജിക്കുകയോ ചെയ്യുന്നതിന് ഈ ആക്റ്റ് പാസാക്കിയിട്ടില്ലെങ്കിൽ അതിനു കഴിയാതിരിക്കുമായിരുന്നിടത്ത്, അങ്ങനെയുള്ള ഏതെങ്കിലും അവകാശം നല്കുന്നതായി അർത്ഥം കല്പിക്കുവാൻ പാടുള്ളതല്ല.

17. ദ്വിവിവാഹത്തിനുള്ള ശിക്ഷ.— രണ്ടു ഹിന്ദുക്കൾ തമ്മിൽ ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം ആഘോഷിച്ച ഏതെങ്കിലും വിവാഹം അങ്ങനെയുള്ള വിവാഹത്തീയതിയിൽ ഇരു കക്ഷികളിൽ ആർക്കെങ്കിലും ഭർത്താവോ ഭാര്യയോ ജീവിച്ചിരിപ്പുണ്ടെങ്കിൽ, ശൂന്യമാകുന്നു; ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) യിൽ 494-ം 495-ം വകുപ്പുകളിലെ വ്യവസ്ഥകൾ അനുസരിച്ച് ബാധകമാകുന്നതുമാണ്.

18. ഹിന്ദു വിവാഹത്തിനുള്ള മററു ചില ഉപാധികൾ ലംഘിക്കുന്നതിനുള്ള ശിക്ഷ.— 5-ാം വകുപ്പ് (iii) (iv), (v) (vi) എന്നീ ഖണ്ഡങ്ങളിൽ വിനിർദിഷ്ടമായ ഉപാധികൾ ലംഘിച്ചുകൊണ്ട് ഈ ആക്ററിൻ കീഴിൽ തന്റെ വിവാഹം ആഘോഷിക്കുന്ന ഏതൊരാളും—

(ക) 5-ാം വകുപ്പ് (iii)-ാം ഖണ്ഡത്തിൽ വിനിർദിഷ്ടമായ ഉപാധി ലംഘിക്കുന്ന സംഗതിയിൽ പതിനഞ്ചു ദിവസത്തോളമാകാവുന്ന ആയിരം രൂപയോളമാകാവുന്ന പിഴ ശിക്ഷയോ അല്ലെങ്കിൽ വെറും തടവോ രണ്ടും കൂടിയോ ;

(ഖ) 5-ാം വകുപ്പ് (iv)-ാം ഖണ്ഡത്തിലോ (v)-ാം ഖണ്ഡത്തിലോ വിനിർദിഷ്ടമായ ഉപാധി ലംഘിക്കുന്ന സംഗതിയിൽ ഒരു മാസത്തോളമാകാവുന്ന വെറും തടവോ, അല്ലെങ്കിൽ ആയിരം രൂപയോളമാകാവുന്ന പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ ;

(ഗ) 5-ാം വകുപ്പ് (vi)-ാം ഖണ്ഡത്തിൽ വിനിർദിഷ്ടമായ ഉപാധി ലംഘിക്കുന്ന സംഗതിയിൽ ആയിരം രൂപയോളമാകാവുന്ന പിഴ ശിക്ഷയോ,

നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

## അധികാരിതയും നടപടിക്രമവും

19. ഹർജി ഏതു കോടതിയിൽ കൊടുക്കണമെന്ന്.— ഈ ആക്ററിൻ കീഴിലുള്ള ഏതു ഹർജിയും, ഏതു ജില്ലാ കോടതിയുടെ സാധാരണ ആദ്യ സിവിൽ അധികാരിതയുടെ തദ്ദേശാതിർത്തിക്കുള്ളിലാണോ വിവാഹം ആഘോഷിച്ചത്, അല്ലെങ്കിൽ, ഭർത്താവും ഭാര്യയും താമസിക്കുന്നത് അല്ലെങ്കിൽ ഏററവും ഒടുവിൽ ഒരുമിച്ചു താമസിച്ചത് ആ ജില്ലാക്കോടതിയിൽ ബോധിപ്പിക്കേണ്ടതാകുന്നു.

20. ഹർജികളുടെ ഉള്ളടക്കവും സത്യബോധപ്പെടുത്തലും.— (1) ഈ ആക്ററിൻ കീഴിൽ ബോധിപ്പിക്കുന്ന ഏത് ഹർജിയിലും കേസിന്റെ സ്വഭാവം അനുവദിക്കുന്നത്ര വ്യക്തമായി നിവൃത്തിക്കുള്ള അവകാശവാദത്തിന് അടിസ്ഥാനമായ വസ്തുതകൾ പ്രസ്താവിക്കേണ്ടതും ഹർജി കൊടുക്കുന്ന ആളും വിവാഹത്തിലെ മറേറ കക്ഷിയും തമ്മിൽ യാതൊരു കപടസന്ധിയില്ലെന്നു കൂടി പ്രസ്താവിക്കേണ്ടതും ആകുന്നു.

(2) ഈ ആക്ററിൻ കീഴിലുള്ള ഏതൊരു ഹർജിയിലും അടങ്ങിയിട്ടുള്ള പ്രസ്താവനകൾ, അന്യായങ്ങളുടെ സത്യബോധപ്പെടുത്തലിൽ നിയമം ആവശ്യപ്പെടുന്ന രീതിയിൽ ഹർജി കൊടുക്കുന്ന ആളോ ക്ഷമതയുള്ള മററു ഏതെങ്കിലും ആളോ, സത്യബോധപ്പെടുത്തേണ്ടതും, ഹീയറിങ്ങ് സമയത്ത് തെളിവെന്നപോലെ അതിലേക്ക് നോക്കാവുന്നതും ആണ്.

21. 1908-ലെ 5-ാം ആക്ററ് ബാധകമാകുന്നത്.—ഈ ആക്ററിൽ അടങ്ങിയ മററു വ്യവസ്ഥകൾക്കും, ഇതിലേയ്ക്ക് ഹൈക്കോടതി ഉണ്ടാക്കുന്ന ചട്ടങ്ങൾക്കും വിധേയമായി,

ഈ ആക്ററിൻ കീഴിലുള്ള എല്ലാ നടപടികളും കഴിയുന്നിടത്തോളം, സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-നാൽ ക്രമപ്പെടുത്തപ്പെടേണ്ടതാകുന്നു.

22. നടപടികൾ സ്വകാര്യമായിരിക്കാവുന്നതും അച്ചടിക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ ചെയ്യാവുന്നതല്ലാത്തതും ആണെന്ന്.—(1) ഈ ആക്ററിൻ കീഴിലുള്ള ഒരു നടപടിയുടെ വിചാരണ സ്വകാര്യമായി നടത്തണമെന്ന് ഇരു

കക്ഷികളിൽ ആരെങ്കിലും ആഗ്രഹിക്കുകയോ അല്ലെങ്കിൽ അപ്രകാരം ചെയ്യുന്നത് യുക്തമാണെന്ന് കോടതി കരുതുകയോ ചെയ്യുകയാണെങ്കിൽ അപ്രകാരം ചെയ്യേണ്ടതും, അങ്ങനെയുള്ള ഏതെങ്കിലും നടപടി സംബന്ധിച്ചുള്ള ഏതെങ്കിലും വിഷയം കോടതിയുടെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി അല്ലാതെ ആരെങ്കിലും അച്ചടിക്കുകയോ, പ്രസിദ്ധപ്പെടുത്തുകയോ ചെയ്യുന്നത് നിയമാനുസൃതമല്ലാത്തതും ആകുന്നു.

(2) (1)-ാം ഉപവകുപ്പിൽ അടങ്ങിയ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഏതെങ്കിലും ആൾ ഏതെങ്കിലും വിഷയം അച്ചടിക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ ചെയ്യുന്നുവെങ്കിൽ അയാൾ ആയിരം രൂപയോളമാകാവുന്ന പിഴ ശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

23. നടപടികളിലെ വിധി.—ഈ ആക്റ്റിൻകീഴിലുള്ള ഏതെങ്കിലും നടപടിയിൽ അത് പ്രതിവാദം ചെയ്തിട്ടുള്ളതാണെങ്കിലും അല്ലെങ്കിലും—

(ക) നിവൃത്തി അനുവദിക്കുന്നതിനുള്ള കാരണങ്ങളിൽ ഏതെങ്കിലും ഉണ്ടെന്നും, ഹർജി കൊടുക്കുന്നയാൾ ഒരു വിധത്തിലും തന്റെ സ്വന്തം അപകൃത്യമോ അവശതയോ അങ്ങനെയുള്ള നിവൃത്തിക്കുവേണ്ടി പ്രയോജനപ്പെടുത്തുകയല്ലെന്നും,

(ഖ) ഹർജിയിലെ കാരണം 10-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (പ) ഖണ്ഡത്തിലോ അല്ലെങ്കിൽ 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (1)-ാം ഖണ്ഡത്തിലോ വിനിർദ്ദേഷ്ടമായ കാരണമാണെങ്കിൽ പരാതിപ്പെട്ട കൃത്യത്തിനോ കൃത്യങ്ങൾക്കോ ഹർജി കൊടുക്കുന്ന ആൾ ഒരു വിധത്തിലും സഹായിയാവുകയോ മൗനാനുവാദം നല്കുകയോ അവ മാപ്പാക്കുകയോ ചെയ്തിട്ടില്ലെന്നും അല്ലെങ്കിൽ ഹർജിയുടെ കാരണം ക്രൂരതയായിട്ടുള്ളിടത്ത്, ആ ഹർജി കൊടുക്കുന്നയാൾ ആ ക്രൂരത ഒരു വിധത്തിലും മാപ്പാക്കിയിട്ടില്ലെന്നും,

(ഗ) ഹർജി, എതിർകക്ഷിയുമായി കപടസന്ധിയിൽ ഏർപ്പെട്ടു ബോധിപ്പിച്ചിട്ടുള്ളതോ നടത്തുന്നതോ അല്ലെന്നും,

(ഘ) നടപടി ആരംഭിക്കുന്നതിൽ ഏതെങ്കിലും അനാവശ്യമോ അനുചിതമോ ആയ കാലതാമസം ഉണ്ടായിട്ടില്ലെന്നും,

(ങ) നിവൃത്തി നല്കാതിരിക്കുന്നതിന് മറ്റൊരു നിയമകാരണവുമില്ലെന്നും,

കോടതിക്കു ബോദ്ധ്യപ്പെടുന്നുവെങ്കിൽ, അപ്പോഴും അങ്ങനെയുള്ള സംഗതിയിലും കോടതി അതനുസരിച്ച അങ്ങനെയുള്ള നിവൃത്തിക്ക് വിധിക്കേണ്ടതും, എന്നാൽ മററു സംഗതികളിൽ അങ്ങനെ ചെയ്യാൻ പാടില്ലാത്തതും ആകുന്നു.

(2) ഈ ആക്റ്റിൻ കീഴിലുള്ള ഏതെങ്കിലും നിവൃത്തി നല്കുന്നതിൽ മുന്നോട്ടുപോകുന്നതിനുമുമ്പ് കക്ഷികൾ തമ്മിൽ രഞ്ജിപ്പുണ്ടാക്കുന്നതിനുള്ള എല്ലാ യത്നവും ചെയ്യേണ്ടതും, കേസ്സിന്റെ സ്വഭാവത്തിനും പരിതഃസ്ഥിതിക്കും സംഗതമാകുംവണ്ണം അങ്ങനെ ചെയ്യാൻ സാദ്ധ്യമാകുന്ന ഓരോ സംഗതിയിലും, കോടതിയുടെ പ്രഥമമായ കർത്തവ്യമാകുന്നു.

24. വ്യവഹാരം നിലവിലുള്ള കാലത്തെ സംരക്ഷണവും നടപടിച്ചെലവും.—ഈ ആക്റ്റിൻ കീഴിലുള്ള ഏതെങ്കിലും നടപടിയിൽ, അതതു സംഗതിപോലെ, ഭാര്യയ്ക്കോ ഭർത്താവിനോ ജീവസന്ധാരണത്തിനും ആവശ്യമായ നടപടിച്ചെലവുകൾക്കും മതിയായ സ്വതന്ത്ര വരുമാനം ഇല്ലെന്നു

കോടതിക്ക് തോന്നുന്നിടത്ത് ഭാര്യയുടേയോ ഭർത്താവിൻേറയോ അപേക്ഷയിൻമേൽ നടപടിച്ചെലവുകളും, നടപടികാലത്ത് പ്രതിമാസം ഹർജികൊടുത്ത ആളുടെ സ്വന്തം വരുമാനവും, എതിർകക്ഷിയുടെ വരുമാനവും പരിഗണനയിലെടുക്കുമ്പോഠം കോടതിക്കു ന്യായമാണെന്നു തോന്നുന്ന തുകയും എതിർകക്ഷി ഹർജി കൊടുക്കുന്ന ആഠംക്കു കൊടുക്കണമെന്നു കോടതിക്ക് ഉത്തരവു നൽകാവുന്നതാണ്.

25. സ്ഥിരം ജീവനാംശവും സംരക്ഷണവും.—(1) ഈ ആക്ററിൻ കീഴിൽ അധികാരിത പ്രയോഗിക്കുന്ന ഏതെങ്കിലും കോടതിക്ക്, ഏതെങ്കിലും വിധി പാസ്സാക്കുന്ന സമയത്തോ അല്ലെങ്കിൽ അതിനുശേഷം ഏതെങ്കിലും സമയത്തോ, അതതു സംഗതിപോലെ, ഭാര്യയോ ഭർത്താവോ ആ ആവശ്യത്തിലേക്ക് കൊടുക്കുന്ന അപേക്ഷയിൻമേൽ, അപേക്ഷ കൊടുക്കുന്ന ആഠംക്ക് ആ ആഠം വിവാഹം ചെയ്യാതിരിക്കുന്ന കാലത്തോളം ആ ആളുടെ സംരക്ഷണത്തിനും ജീവസന്ധാരണത്തിനുമായി, അപേക്ഷ കൊടുക്കുന്ന ആളുടെ ജീവിതകാലത്തിൽ കവിയാത്ത ഏതെങ്കിലും കാലത്തേയ്ക്ക് എതിർകക്ഷിയുടെ സ്വന്തം വരുമാനവും മററു വസ്തുക്കഠം ഏതെങ്കിലുമുണ്ടെങ്കിൽ അതും അപേക്ഷ കൊടുക്കുന്ന ആളുടെ സ്വന്തം വരുമാനവും മററു വസ്തുവും കക്ഷികളുടെ പെരുമാററവും പരിഗണനയിലെടുത്തുകൊണ്ട്, നീതിപൂർവകമാണെന്ന് കോടതിക്ക് തോന്നുന്ന ഒരു മൊത്തസംഖ്യയോ പ്രതിമാസമായോ ആനുകാലികമായോ നല്കേണ്ട സംഖ്യയോ എതിർകക്ഷി അപേക്ഷ കൊടുക്കുന്ന ആഠംക്ക് കൊടുക്കണമെന്ന് ഉത്തരവു നല്കാവുന്നതും, അപ്രകാരം കൊടുക്കേണ്ട ഏതെങ്കിലും സംഖ്യ അതിൻെറ ഈടിനായി ആവശ്യമാണെങ്കിൽ എതിർകക്ഷിയുടെ സ്ഥാവര വസ്തുവിൻമേൽ ചാർജ്ജാക്കാവുന്നതുമാണ്.

(2) (1)-ാംഉപവകുപ്പിൻകീഴിൽ ഒരു ഉത്തരവു പുറപ്പെടുവിച്ചതിനുശേഷം ഏത് സമയത്തും ഇരു കക്ഷികളിൽ ആരുടെയെങ്കിലും പരിത:സ്ഥിതികളിൽ മാററമുണ്ടായിട്ടുണ്ടെന്ന് ബോദ്ധ്യമായാൽ കോടതിക്ക് അവരിലേതെങ്കിലും കക്ഷിയുടെ ആവശ്യപ്രകാരം നീതിപൂർവകമെന്ന് കോടതി കരുതുന്ന രീതിയിൽ അങ്ങനെയുള്ള ഉത്തരവു വ്യത്യാസപ്പെടുത്തുകയോ, രൂപഭേദപ്പെടുത്തുകയോ, റദ്ദാക്കുകയോ ചെയ്യാവുന്നതാണ്.

(3) ഏത് കക്ഷിക്ക് അനുകൂലമായാണോ ഈ വകുപ്പിൻകീഴിൽ ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്, ആ കക്ഷി പുനർവിവാഹം ചെയ്തിട്ടുണ്ടെന്നോ, അല്ലെങ്കിൽ ആ കക്ഷി ഭാര്യയാണെങ്കിൽ അവർ ചാരിത്രവതിയായി ഇരുന്നിട്ടില്ലെന്നോ, അല്ലെങ്കിൽ ആ കക്ഷി ഭർത്താവാണെങ്കിൽ അയാഠം ദാമ്പത്യത്തിന് പുറത്ത് മറേറതെങ്കിലും സ്ത്രീയുമായി ലൈംഗികസംഗം ചെയ്തുവെന്നോ, കോടതിക്ക് ബോദ്ധ്യപ്പെടുന്നുവെങ്കിൽ അതിന് ആ ഉത്തരവ് റദ്ദാക്കാവുന്നതാണ്.

26. കുട്ടികളുടെ കസ്ററഡി.—ഈ ആക്ററിൻകീഴിലുള്ള ഏതെങ്കിലും നടപടിയിൽ മൈനർമാരായ കുട്ടികളുടെ കസ്ററഡിയും സംരക്ഷണവും വിദ്യാഭ്യാസവും സംബന്ധിച്ച് സാദ്ധ്യമായിടത്തെല്ലാം അവരുടെ ആഗ്രഹങ്ങഠംക്ക് സംഗതമാകുംവണ്ണം കോടതിക്ക് അപ്പോഴപ്പോഠം നീതിപൂർവകവും സമുചിതവുമാണെന്ന് കോടതി കരുതുന്ന ഇടക്കാല ഉത്തരവുകഠം പാസ്സാക്കുകയും വ്യവസ്ഥകഠം വിധിയിൽഉണ്ടാക്കുകയും ചെയ്യാവുന്നതും, വിധിക്കുശേഷം ആ ആവശ്യത്തിലേക്ക് ഹർജിവഴി കൊടുക്കുന്ന ഏതെങ്കിലും അപേക്ഷയിൻമേൽ വിധി കിട്ടുന്നതിനുള്ള നടപടി നിലവിലുണ്ടായിരുന്നുവെങ്കിൽ അങ്ങനെയുള്ള കുട്ടികളുടെ കസ്ററഡിയും സംരക്ഷണവും വിദ്യാഭ്യാസവും സംബന്ധിച്ച് അങ്ങനെയുള്ള വിധിയാലോ ഇടക്കാല ഉത്തരവുകളാലോ ചെയ്തിരി

ക്കമായിരുന്ന എല്ലാ ഉത്തരവുകളും വ്യവസ്ഥകളും അപ്പോഴപ്പോഴുണ്ടാക്കാവുന്നതും, മുൻപ് ഉണ്ടാക്കിയ അങ്ങനെയുള്ള ഏതെങ്കിലും ഉത്തരവുകളും വ്യവസ്ഥകളും കോടതിക്ക് അപ്പോഴപ്പോൾ പിൻവലിക്കുകയോ നിറുത്തിവയ്ക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതും ആണ്.

27. വസ്തുവിന്റെ വ്യയനം.—ഈ ആക്റ്റിൻകീഴിലുള്ള ഏതെങ്കിലും നടപടിയിൽ വിവാഹസമയത്തോ അതിനടുത്തോ ഇഷ്ടദാനമായി കിട്ടിയിട്ടുള്ളതും ഭർത്താവിനും ഭാര്യക്കും കൂട്ടായി അവകാശപ്പെട്ടതും ആയ ഏതെങ്കിലും വസ്തു സംബന്ധിച്ച് കോടതിക്ക് നീതിപൂർവ്വകവും സമുചിതവുമാണെന്നു കോടതി കരുതുന്ന വ്യവസ്ഥകൾ വിധിയിൽ ഉണ്ടാക്കാവുന്നതാണ്.

28. വിധികളും ഉത്തരവുകളും പ്രാവർത്തികമാക്കലും അവയിൽനിന്നുള്ള അപ്പീലുകളും.—ഈ ആക്റ്റിൻകീഴിലുള്ള ഏതെങ്കിലും നടപടിയിൽ കോടതി ഉണ്ടാക്കുന്ന എല്ലാ വിധികളും ഉത്തരവുകളും, കോടതിയുടെ സിവിൽ ആദ്യാധികാരിത വിനിയോഗിച്ച് ഉണ്ടാക്കുന്ന വിധികളും ഉത്തരവുകളും പ്രാവർത്തികമാക്കുന്നതുപോലെയുള്ള രീതിയിൽ പ്രാവർത്തികമാക്കാവുന്നതും തൽസമയത്ത് നിലവിലിരിക്കുന്ന ഏതെങ്കിലും നിയമത്തിൻകീഴിൽ അവയിൽനിന്ന് അപ്പീൽ ബോധിപ്പിക്കാവുന്നതുമാണ്.

എന്നാൽ കോടതിച്ചെലവിന് മാത്രമായി അപ്പീൽ ഉണ്ടായിരിക്കുന്നതല്ല.

## ഒഴിവാക്കലും റദ്ദാക്കലും

29. ഒഴിവാക്കൽ.—(1) വിവാഹത്തിലെ കക്ഷികൾ ഒരേ ഗോത്രത്തിലോ പ്രവരത്തിലോ പെട്ടവരാണെന്നോ അല്ലെങ്കിൽ വ്യത്യസ്തമായ മതത്തിലോ, ജാതിയിലോ, ജാതിയുടെ ഉപവിഭാഗത്തിലോ പെട്ടവരാണെന്നോ ഉള്ള വസ്തുത കാരണമാക്കിമാത്രം ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുൻപ് ഹിന്ദുക്കൾ തമ്മിൽ ആഘോഷിച്ചതും മററുവിധത്തിൽ സാധുവായതും ആയ ഒരു വിവാഹം, അസാധുവാണെന്നോ എപ്പോഴെങ്കിലും അസാധുവായിരുന്നുവെന്നോ കരുതപ്പെടുന്നതല്ല.

(2) ഈ ആക്റ്റിൽ അടങ്ങിയ യാതൊന്നും ഒരു ഹിന്ദു വിവാഹം അത് ഈ ആക്റ്റിന്റെ പ്രാരംഭത്തിനുമുമ്പോ പിമ്പോ ആഘോഷിച്ചതായാലും വിഘടിതമാക്കിക്കിട്ടുന്നതിന് ആചാരം അംഗീകരിക്കുകയോ ഏതെങ്കിലും പ്രത്യേക അധിനിയമം നല്കുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും അവകാശത്തെ ബാധിക്കുന്നതായി കരുതപ്പെടുന്നതല്ല.

(3) ഈ ആക്റ്റിൽ അടങ്ങിയ യാതൊന്നും ഏതെങ്കിലും വിവാഹം അകൃതവും ശൂന്യവുമാണെന്ന് പ്രഖ്യാപിക്കുന്നതിനോ, അല്ലെങ്കിൽ ഏതെങ്കിലും വിവാഹം അകൃതമാക്കുകയോ, വിഘടിതമാക്കുകയോ, ചെയ്യുന്നതിനോ ജുഡീഷ്യലായ വേർപെടുത്തലിനോ ഉള്ളതും തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിലുള്ളതും ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ നിലവിലിരിക്കുന്നതുമായ ഏതെങ്കിലും നടപടിയെ ബാധിക്കുന്നതല്ലാത്തതും അങ്ങനെയുള്ള ഏത് നടപടിയും ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ലായിരുന്നുവെങ്കിൽ എന്നപോലെ തുടരുകയും തീരുമാനിക്കപ്പെടുകയും ചെയ്യാവുന്നതുമാണ്.

(4) ഈ ആക്റ്റിൽ അടങ്ങിയ യാതൊന്നും, പ്രത്യേക വിവാഹ ആക്റ്റ്, 1954 (1954-ലെ 43)-ൻ കീഴിൽ ഹിന്ദുക്കൾ തമ്മിൽ ആഘോഷിച്ച വിവാഹ

അവയെ സംബന്ധിച്ച് അവ ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുമ്പോ പിമ്പോ ഉള്ളതായാലും ആ ആക്റ്റിൽ അടങ്ങിയ വ്യവസ്ഥകളെ ബാധിക്കുന്നതായി കരുതപ്പെടുന്നതല്ല.

30. [റദ്ദാക്കലുകൾ]—റദ്ദാക്കലും ഭേദഗതിയും ആക്റ്റ്, 1960 (1960-ലെ 58) 2-ാം വകുപ്പും ഒന്നാം പട്ടികയും പ്രകാരം റദ്ദാക്കപ്പെട്ടു.

---